"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ല - കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്- ആശ വർക്കർമാർക്ക് തനത് ഫണ്ടിൽ നിന്നും ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1863/2025/LSGD തീയതി,തിരുവനന്തപുരം, 29-07-2025

---

പരാമർശം:-

1. 19/04/2022 ലെ സ.ഉ.(കൈ)നം.84/2022/തസ്വഭവ
2. 28/05/2022 ലെ സ.ഉ.(കൈ)നം.115/2022/തസ്വഭവ
3. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 15/04/2025 ലെ 6(1) നമ്പർ യോഗതീരുമാനം
4. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 30/04/2025 ലെ 3(1) നമ്പർ യോഗതീരുമാനം
5. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/05/2025 ലെ SO2/1/2025 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ എഫ്.എച്ച്.സി.യുടെ പരിധിയിൽ പ്രവർത്തിക്കുന്ന 24 ആശാവർക്കർമാർക്ക് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും പ്രതിമാസം 3000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പഞ്ചായത്ത് ഫണ്ടിൽ ചെലവെഴുതാവുന്ന ഇനങ്ങൾ വ്യക്തമാക്കിയിട്ടുള്ള സെക്ഷൻ 213 പ്രകാരം ആശമാർക്ക് ഇൻസെന്റീവോ വേതനമോ അനുവദിക്കുന്നതിന് പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുന്നതിന് കഴിയുകയില്ല. കൂടാതെ, പരാമർശം (1) & (2) എന്നീ ഉത്തരവുകൾ പ്രകാരവും പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിലും ആശാ പ്രവർത്തകർക്ക് ഇൻസെന്റീവ് അനുവദിക്കുന്നതിന് നിർദ്ദേശമില്ലാത്തതിനാൽ പ്രസ്തുത തീരുമാനത്തിന് നിയമസാധുതയില്ലാത്തതിനാൽ 30/04/2025 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രസ്തുത തീരുമാനം പുനഃ പരിശോധിക്കുകയും പരാമർശം (3) തീരുമാനത്തിൽ ഉറച്ചു നിൽക്കുകയും ചെയ്തു. തുടർ ന്ന് സർക്കാർ അനുമതി ഇല്ലാതെ ഓണറേറിയം വർധനവ് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി കൈകൊണ്ടിട്ടുള്ള തീരുമാനം നിയമപരമല്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 191-ാം വകുപ്പ് 1 (ബി) പ്രകാരവും അതിൻ പ്രകാരം രൂപീകരിച്ചിട്ടുള്ള 2003ലെ കേരള പഞ്ചായത്ത് രാജ്( നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ

സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങളിലെ 4-ാം നമ്പർ ചട്ടം പ്രകാരവും സെക്രട്ടറി വിയോജിപ്പ് പരാമർശം (5) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2) ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥയല്ലാത്ത സാഹചര്യത്തിൽ 2003-ലെ പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടം 191(2) ൽ പറയും പ്രകാരം മേൽ വിഷയം 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും ചട്ടം 191(4) പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (4) & (5) തീരുമാനങ്ങൾ നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകാവുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7) കരുതൽ ഫയൽ (ഡി.ബി3/225/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 29-07-2025 12:52:16
സെക്ഷൻ ഓഫീസർ